# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26






## ജി.എം.എൽ.പി സ്കൂൾ മഞ്ഞച്ചോല

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : ജി.എം.എൽ.പി സ്കൂൾ മഞ്ഞച്ചോല |
| മേൽവിലാസം | : മഞ്ഞച്ചോല, കൽപകഞ്ചേരി, കുറ്റിപ്പുറം സബ്ജില്ല. |
| ഫോൺ | : 9495211382 |
| സ്കൂൾ കോഡ് | : 19332 |
| വിദ്യാഭ്യാസ ഉപജില്ല | : കുറ്റിപ്പുറം |
| വിദ്യാഭ്യാസ ജില്ല | : മലപ്പുറം |
| ബി.ആർ.സി | : കുറ്റിപ്പുറം |
| സി.ആർ.സി | : കൽപകഞ്ചേരി |
| ബ്ലോക്ക് പഞ്ചായത്ത് | : കുറ്റിപ്പുറം |
| ജില്ലാ പഞ്ചായത്ത് | : മലപ്പുറം |
| നിയമസഭാ മണ്ഡലം | : തിരൂർ |
| ലോകസഭാ മണ്ഡലം | : പൊന്നാനി |
| താലൂക്ക് | : തിരൂർ |
| ഇ-മെയിൽ വിലാസം | : gmlpsmanhachola@gmail.com |
| ഫെയ്സ്ബുക്ക് | : gmlpsmanhachola |
| ഇൻസ്റ്റഗ്രാം | : gmlpsmanhachola |
| സ്കൂൾ വിക്കി | : gmlpsmanhachola |

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളെ മികവിന്റെയും ഗുണനിലവാരത്തിന്റെയും കാര്യത്തിൽ മുൻപന്തിയിൽ നിർത്തുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായാണ് ഓരോ വിദ്യാലയവും മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. കുട്ടികളുടെ ബൗദ്ധികവും മാനസികവുമായ വളർച്ചക്ക് അനുകൂലമായ ആധുനിക പാഠ്യപദ്ധതിയെ കുട്ടിയുടെ സാഹചര്യങ്ങൾക്കനുസരിച്ച് ഏറ്റവും മികച്ച രീതിയിൽ സമയബന്ധിതമായി നടപ്പിലാക്കുക എന്നതാണ് മാസ്റ്റർപ്ലാൻ കൊണ്ട് ഉദ്ദേശിക്കുന്നത്.

ഗുണമേന്മയുള്ള സമൂഹത്തെ വാർത്തെടുക്കുന്നതിന് ഗുണമേന്മയുള്ള വിദ്യാഭ്യാസം അനിവാര്യമാണ്. ഓരോ കുട്ടിയുടെയും പരിസ്ഥിതിയും സാഹചര്യങ്ങളും അറിഞ്ഞുകൊണ്ട് അവനെ/അവളെ ഉന്നതിയിലേക്ക് കൈപിടിച്ചുയർത്താൻ ഓരോ വിദ്യാലയത്തിനും കഴിയേണ്ടതുണ്ട്.

സ്കൂൾ പി.ടി.എ, എം.ടി.എ, അധ്യാപകർ, പൊതുസമൂഹം എന്നിവരുടെ സഹകരണത്തോടെയും പിന്തുണയോടെയും ഈ വിദ്യാലയം മികവിന്റെ കേന്ദ്രമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയ ഈ മാസ്റ്റർപ്ലാൻ അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ നേടിയെടുക്കും എന്ന ദൃഢനിശ്ചയത്തോടെ സമർപ്പിക്കുന്നു.

# പൊതു ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- എനിക്കും ക്ലാസിൽ ഇടമുണ്ട്. എന്റെ അറിവും ഇവിടെ പരിഗണിക്കപ്പെടും എന്ന് ഓരോ കുട്ടിക്കും തോന്നുന്ന വിധത്തിൽ പഠനാന്തരീക്ഷം ഒരുക്കുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷയിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പ് വരുത്തുക.
- ഓരോ കുട്ടിയും ഒന്നാമതാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കുക.
- വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കുക.
- ആശയ പ്രകടന ശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള ക്ലാസ് അന്തരീക്ഷം സജ്ജമാക്കുക.
- ഇംഗ്ലീഷ് ഭാഷയിൽ അനായാസേന ആശയ വിനിമയം നടത്തുന്നതിനുള്ള കഴിവുണ്ടാക്കുക.
- സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയനുസരിച്ച് ഓരോ കുട്ടിക്കും ആവശ്യമായ പ്രവർത്തനങ്ങൾ ക്ലാസ് തലത്തിൽ ആസൂത്രണം ചെയ്യുക.
- പ്രത്യേകപരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഓരോ വിഷയത്തിലും കൈത്താങ്ങ് നൽകൽ.
- പഠനപുരോഗതി രക്ഷിതാക്കളെ നിരന്തരം അറിയിക്കുക. കുട്ടിയെ പിന്തുണക്കാൻ സജ്ജരാക്കുക.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 26

## മലയാളം

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല |
|---|---|---|---|
| ① രചനോത്സവം | * എല്ലാ കുട്ടികളും രചന പ്രവർത്തനങ്ങളിൽ മികവ് പുലർത്തുക<br>* കൃത്യമായ ഇടവേളകളിൽ സ്കൂൾതല രചന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.<br>* ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നതിനും, ലഘു കവിതകളും കഥകളും എഴുതാനും കുട്ടികളെ പ്രാപ്തരാക്കുക. | രചനോത്സവത്തിന്റെ ഭാഗമായി മികച്ച രചനകൾ പ്രസിദ്ധീകരിക്കുക. (ഡിസംബർ, മാർച്ച്) | അധ്യാപകർ |
| ② പാട്ടരങ്ങ് | * സംഗീത വാസന പരിപോഷിപ്പിക്കുക.<br>* ഈണം, താളം, സർഗാത്മകത എന്നിവ സജീവമാകുന്നു.<br>* ഈണവും താളവും തിരിച്ചറിഞ്ഞ് പുതിയ - | | |

| | | | |
|---|---|---|---|
| | വരികൾ കൂട്ടിച്ചേർത്ത് പാടുന്നു. | | |
| ③ അമ്മവായന | * വായനയോടുള്ള താൽപര്യം വളർത്തുക<br>* അമ്മമാരുടെ വായന കുട്ടികൾക്ക് മാതൃകയാവുന്നു.<br>* വീട്ടിൽ ഒരു വായനാന്തരീക്ഷം സൃഷ്ടിക്കാൻ അമ്മമാർക്ക് സാധിക്കുന്നു. ഇത് കുട്ടികളിൽ വായനയിലേക്ക് വളരാൻ സഹായിക്കുന്നു.<br>* ലൈബ്രറി ഉപയോഗം മെച്ചപ്പെടുത്തുന്നു. | ജൂലൈ - മാർച്ച് | |
| ④ വായനോത്സവം | * സ്വതന്ത്ര വായന പ്രോത്സാഹിപ്പിക്കുക<br>* വായനയോടുള്ള താൽപര്യം വളർത്തുക. | കൃത്യമായ ഇടവേളകളിൽ വായനോത്സവം നടത്തുന്നു. ആഗസ്റ്റ്, ഒക്ടോബർ, ഡിസംബർ, മാർച്ച്. | |

| | | | |
|---|---|---|---|
| | * ക്ലാസ്സ് ലൈബ്രറി മെച്ചപ്പെടുത്തുക.<br>* രചനാപരിചയക്കുറിപ്പ് തയ്യാറാക്കുക. | | |

3

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 26

## ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| 1. ഗണിത ശേഷി, യുക്തിചിന്ത വർദ്ധിപ്പിക്കൽ | • ഗണിത മാഗസിൻ തയ്യാറാക്കൽ | വർഷത്തിൽ ഒന്ന് | ഗണിത ക്ലബ്ബ് അംഗങ്ങൾ |
| 2. ഗണിതശേഷികളുടെ പ്രകടനം, ആവിഷ്കാരം | • ഗണിത മേള സംഘടിപ്പിക്കൽ, • പഠനോൽപ്പന്നങ്ങളുടെ പ്രദർശനം ഒരുക്കൽ | വർഷത്തിൽ ഒന്ന് | ഗണിത ക്ലബ്ബ് അംഗങ്ങൾ |
| 3. ഗണിത പഠനം സുതാര്യമാക്കൽ | • ഗണിതലാബ്. ഗണിതലാബ് ഒരുക്കൽ. • പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷത്തിൽ ഒന്ന് | ക്ലാസ് അധ്യാപകർ |
| 4. പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | • ശിൽപ്പശാല സംഘടിപ്പിക്കൽ • മഞ്ചാടി സഞ്ചി. | വർഷത്തിൽ ഒന്ന് | എസ് ആർ ജി |

| | | | |
|---|---|---|---|
| | • പഠനോപകരണ നിർമ്മാണ ശിൽപശാല സംഘടിപ്പിക്കൽ ഉപയോഗപ്പെടുത്തൽ | | |
| 5. ഗണിത ചിന്താശേഷി വളർത്തൽ | • ഗണിത ക്വിസ് <br> • കുസൃതി. കണക്കുകൾ നൽകൽ <br> • നടപ്പിലാക്കൽ. | മാസത്തിൽ ഒന്ന്. | ക്ലാസ് ടീച്ചർ |
| | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 26

## ENGLISH

| Name | Aim | Activities | Duration | In-charge |
| --- | --- | --- | --- | --- |
| No. 1<br>Word of the day | * To increase the vocabulary of the students.<br>* To understand the meaning in English and malayalam. | The teacher will give a new word and its meaning in every-day. In a month the Students got Som any words. After the completion of words we are conducting " A word for the wise" Competition by class-wise. Then after School wise. The child who wrote all the words and Its meaning will be the winner. | July - february | class Teacher and English club. |
| No-2<br>English Magazine | * To encourage children to use simple english<br>* To encourage creative drawing | In every class, teacher will give Instructions for making an English magazine. For that every student using their creative level. It may be in | March | Teachers |

| | | | | |
|---|---|---|---|---|
| | writing short stories and Poems | drawing or writing. Then teacher collect their work. For the magazine work creating a school magazine group. They are making magazine cover page and layout with the help of the teachers. From Students side Inviting veriety of names for the magazine. In february we are Publishing the school magazine. | | |
| No-3<br>Speak up!<br>English class | *To develop Communication Skills and reading Skills.<br>*To Speak, read and write English | We are taking monthly two classes for spocken english.<br>-Through this we are Providing daily using | August to March | Teachers |

| | | | | |
|---|---|---|---|---|
| | * without any mistakes | Sentences and class room English. After many classes, Students will get confident to Speak Simple English without any fear. In march first we will conducting an English day. That day Students can Perform discourses like Conversations, Simple Skits, English poem recitation, Story telling etc. Best English Performer will get the Prize. | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 26

## പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| 1. സമൂഹത്തിൽ ശുചിത്വ ബോധമുള്ള വ്യക്തിത്വം സൃഷ്ടിക്കുന്നതിന് | ▪ പോസ്റ്റർ നിർമാണം<br>▪ സർവ്വേ<br>▪ ശുചിത്വ ബോധവത്കരണ ക്ലാസുകൾ | ജൂൺ – ജൂലൈ | അധ്യാപകർ |
| 2. പ്രകൃതിയെ അറിയാൻ | ▪ പ്രകൃതി നടത്തം ജലസ്രോതസ്സുകൾ | സെപ്റ്റംബർ | അധ്യാപകർ |
| 3. നാട് അറിയാൻ നാട്ടറിവുകൾ അറിയാൻ | കർഷകരുമായി അഭിമുഖം | ജനുവരി | SRG |
| 4. പൂന്തോട്ട നിർമ്മാണം അടുക്കളത്തോട്ട നിർമാണം | സ്കൂളിൽ അടുക്കള-ത്തോട്ടവും പൂന്തോട്ടവും നിർമ്മിക്കുന്നു. | ജൂലൈ – മാർച്ച് | അധ്യാപകർ വിദ്യാർത്ഥികൾ രക്ഷിതാക്കൾ |
| 5. നിരീക്ഷണം | അറിവ് നിർമ്മാണം | ആവിശ്യാനുസരണം | ക്ലാസ് അധ്യാപിക |

| | | | | |
|---|---|---|---|---|
| 6. | ശാസ്ത്രാവബോധം വളർത്തുക. | കണ്ടെത്തിയും അറിഞ്ഞും ലഘു പരീക്ഷണങ്ങൾ ചെയ്യുന്നു. ▪ കുറിപ്പ് തയ്യാറാക്കൽ | ജൂൺ ജൂലൈ ഓഗസ്റ്റ് സെപ്റ്റംബർ | ക്ലാസ് അധ്യാപകർ |
| 7. | ശാസ്ത്ര പഠനത്തിൽ താൽപ്പര്യം ജനിപ്പിക്കൽ | വാന നിരീക്ഷണ വീഡിയോ പ്രദർശനം | ഡിസംബർ ജനുവരി | അധ്യാപകർ |
| 8. | ജനാധിപത്യ മൂല്യങ്ങൾ വളർത്തുക. | പ്രകടന പത്രിക, പ്രചരണം, ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ്. എന്നിവയിലൂടെ സ്കൂൾ ലീഡറെ തെരഞ്ഞെടുപ്പ് | വർഷത്തിൽ ഒരു തവണ | SRG അധ്യാപകർ |
| 9. | ശാസ്ത്രോത്സവം | ആൽബം, പതിപ്പ്, ചാർട്ട്, പഠനോപകരണം പരീക്ഷണങ്ങൾ തുടങ്ങിയവയുടെ പ്രദർശനം | വർഷത്തിൽ ഒരു തവണ | SRG അധ്യാപകർ |

| | | | | |
|---|---|---|---|---|
| 10. | ഇന്ത്യൻ സ്വാതന്ത്ര്യ സമര സേനാനികളുടെ സംഭാവനകളും ജീവിത മൂല്യങ്ങളും.<br>▪ സ്വാതന്ത്ര്യ സമര ചരിത്രത്തിലെ പ്രധാന സംഭവങ്ങൾ | ▪ സ്വാതന്ത്ര്യത്തിനു മുമ്പുള്ള ഭാരതത്തിന്റെ ദുരവസ്ഥകൾ, സംഭവങ്ങൾ<br>▪ സ്കിറ്റ്<br>▪ സ്വാതന്ത്ര്യ സമര സേനാനികൾ പ്രച്ഛന്ന വേഷം.<br>▪ സ്വാതന്ത്ര്യ സമര സേനാനികളെ പരിചയപ്പെടാം. | വർഷത്തിൽ രണ്ട് തവണ<br>▪ സ്വാതന്ത്ര്യ ദിനം<br>▪ റിപ്പബ്ലിക് ദിനം | രണ്ട് മുതൽ നാല് വരെയുള്ള കുട്ടികൾ |
| 11. | ഭൂപട ചിത്രീകരണത്തിലൂടെ ദിക്കുകൾ തിരിച്ചറിയുകയും വിഭവങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുന്നു. | സ്വന്തം ജില്ല, പഞ്ചായത്ത് എന്നിവയുടെ ഭൂപട രൂപീകരണം | വർഷത്തിൽ ഒരു തവണ | നാലാം ക്ലാസ് വിദ്യാർത്ഥികൾ |

| | | | | |
|---|---|---|---|---|
| 12. | പഴയ കാല വാർത്താവിനിമയ സംവിധാനങ്ങൾ തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു. | പോസ്റ്റോഫീസ് സന്ദർശനം അഭിമുഖം | വർഷത്തിൽ ഒരു തവണ | നാലാം ക്ലാസ് അധ്യാപിക. |
| 13. | രുചി ഉത്സവം പലഹാര മേള | അടുപ്പിൽ പാകം ചെയ്യേണ്ടാത്ത ലഘു ഭക്ഷണം തയ്യാറാക്കൽ<br>▪ വിവിധ പലഹാരങ്ങ-ളുടെ പ്രദർശനം | വർഷത്തിൽ ഒരു തവണ | അധ്യാപകർ രക്ഷിതാക്കൾ |
| | | | | |

# ജി.എം.എൽ.പി സ്കൂൾ മഞ്ഞച്ചോല

## അക്കാദമിക്
## മാസ്റ്റർ പ്ലാൻ 2025-26

# അറബിക്

GMLPS MANHACHOLA

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

വർഷം : 2025
വിദ്യാലയത്തിന്റെ പേര് : ജി.എം.എൽ.പി സ്കൂൾ മഞ്ഞച്ചോല
പഞ്ചായത്ത് : കൽപകഞ്ചേരി
പദ്ധതിയുടെ പേര് : വായിക്കാം, എഴുതാം
കാലയളവ് : ജൂലൈ 2025 – ഡിസംബർ 2025
വിഷയം : അറബിക്
അവസ്ഥാ വിശകലനം : മഞ്ഞച്ചോല ജി.എം.എൽ.പി സ്കൂളിൽ ഒന്ന് മുതൽ നാല് വരെയുള്ള 4 ഡിവിഷനുകളിലായി 61 കുട്ടികൾ അറബി പഠിക്കുന്നു.

ലക്ഷ്യം : എല്ലാ കുട്ടികളും അറബി എഴുതാനും ആശയം ഉൾക്കൊണ്ട് വായിക്കാനും ലഘുവായ വാക്യങ്ങൾ പ്രയോഗിക്കാനും കഴിവ് നേടണം
പ്രതീക്ഷിക്കുന്ന നേട്ടം : ലഘുവിവരണങ്ങൾ, ലഘുവാക്യങ്ങൾ എന്നിവ സ്വയം തയ്യാറാക്കുന്നതോടൊപ്പം അറബി കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കൽ

### പ്രവർത്തനങ്ങൾ

| കാര്യക്രമം | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 1. പദ പരിചയം | അറബി പദസമ്പത്ത് വർദ്ധിപ്പിക്കൽ | ➢ അറബിക് അധ്യാപകന്റെ മേൽനോട്ടത്തിൽ എല്ലാ ദിവസവും രാവിലെ നോട്ടീസ് ബോർഡിൽ ചിത്രത്തിന്റെ സഹായത്തോടെ ഒരു അറബി പദം പതിക്കുന്നു.<br>➢ ക്ലാസ് ലീഡർമാർ ആ പദം ബോർഡിൽ എഴുതുന്നു.<br>➢ എല്ലാ വിദ്യാർത്ഥികളും എഴുതിയെടുക്കുകയും മാസത്തിലൊരിക്കൽ ചെറിയ രൂപത്തിൽ വിലയിരുത്തൽ നടത്തുകയും ചെയ്യുന്നു.<br>➢ മികച്ചു നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം. | 6 മാസം | പദകാർഡുകൾ നോട്ടീസ് ബോർഡ് | അറബിക് അധ്യാപകൻ |

GMLPS MANJACHOLA

| | | | | | |
|---|---|---|---|---|---|
| 2. നല്ല എഴുത്ത് | ഓരോ അക്ഷരവും എഴുതുന്ന രീതി മനസിലാക്കി എഴുതി പരിശീലിക്കൽ | ➢ കുട്ടികൾ അറബി അക്ഷരമാലയിലെ 28 അക്ഷരങ്ങളും എഴുതേണ്ട കൃത്യമായ ഘടന മനസ്സിലാക്കി അധ്യാപകന്റെ സഹായത്തോടെ പരിശീലിക്കുന്നു.<br>➢ അക്ഷരങ്ങൾ ഒറ്റയായും കൂട്ടി എഴുതിയും പരിശീലിക്കുന്നു.<br>➢ വാക്കുകൾ അക്ഷരങ്ങളായി പിരിച്ചെഴുതുന്നു.<br>➢ ഓരോ കുട്ടിക്കും പ്രത്യേകം വർക്ക്ഷീറ്റുകളും കോപ്പികളും നൽകി എഴുത്ത് മെച്ചപ്പെടുത്താനുള്ള പരിശീലനം നൽകുന്നു.<br>➢ ഒരു കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുന്നു.<br>➢ ക്ലാസ് തല മാഗസിൻ തയ്യാറാക്കുന്നു.<br>➢ വായനാ കാർഡ് നിർമ്മാണം<br>➢ മാതൃക നൽകി മത്സരം നടത്തി നല്ലത് കണ്ടെത്തി വീണ്ടും ശരിയാക്കി ഫയൽ പേപ്പറിൽ വൃത്തിയായി എഴുതി കളർ നൽകി വായനാ കാർഡ് നിർമ്മിക്കുന്നു. | 6 മാസം | വർക്ക് ഷീറ്റുകൾ | അറബിക് അധ്യാപകൻ |

| | | | | | |
|---|---|---|---|---|---|
| **3. വായന** (അറബിക് ലൈബ്രറി) | | **തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരം**<br>➢ പുസ്തകങ്ങൾ:<br>➢ ചിത്രകഥ (അറബിക്)<br>➢ കഥപുസ്തകം (അറബിക്)<br>➢ കുട്ടിക്കവിതകൾ (അറബിക്)<br>➢ ചെറിയ വിവരണ ബുക്കുകൾ (അറബിക്)<br>➢ അറബിക് ക്വിസ്<br><br>**2. ക്ലാസ് വായന:**<br>➢ ഓരോ അറബിക് പിരീഡിലും ആദ്യ അഞ്ച് മിനുട്ടിൽ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക<br>➢ വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കുക<br>കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനം നൽകുക | 6 മാസം | ചുമതലപ്പെടുത്തുന്ന മുതിർന്ന പഠിതാക്കൾ<br><br>അറബിക് അധ്യാപകൻ | അറബിക് അധ്യാപകൻ |

GMUPS MANNACHOLA

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 - 26

# പ്രവൃത്തിപരിചയം

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല |
| --- | --- | --- | --- |
| 1. വെജിറ്റബിൾ പ്രിന്റിംഗ് | തുണിയിൽ വിവിധ പച്ചക്കറികൾ കൊണ്ട് വ്യത്യസ്തവും ഭംഗിയും നിറഞ്ഞ ഡിസൈനുകൾ നിർമ്മിക്കൽ | ജൂലൈ സെപ്റ്റംബർ | അധ്യാപകർ |
| 2. clay മോഡലിംങ്ങ് | clay ഉപയോഗിച്ച് വിവിധ രൂപങ്ങൾ നിർമ്മിക്കൽ<br>▪ കുട്ടികളിൽ നിർമാണ ശേഷി വളർത്തുക.<br>▪ ICT ഉപയോഗിച്ച് പരിശീലന ക്ലാസ് നൽകൽ | ഓഗസ്റ്റ്–സെപ്റ്റംബർ | അധ്യാപകർ |

| | | | | |
|---|---|---|---|---|
| 3. | മുത്തുകൾ കൊണ്ടുള്ള ആഭരണങ്ങൾ നിർമ്മിക്കൽ | വിദ്യാർത്ഥികൾക്ക് നിർമ്മാണ പരിശീലന ക്ലാസുകൾ നൽകൽ<br>▪ വിവിധ തരം ഡിസൈനുകൾ വൈവിദ്ധ്യമാർന്ന നിറങ്ങൾ, വിവിധ ഇനം മുത്തുകൾ ഉപയോഗിച്ച് പഠന രീതി. | സെപ്റ്റംബർ ഒക്ടോബർ | അധ്യാപകർ |
| 4. | സ്കൂൾ തല പ്രവർത്തി പരിചയമേള നടത്തൽ | പ്രവർത്തി പരിചയ മേളക്ക് കുട്ടികളെ സജ്ജരാക്കൽ | സെപ്റ്റംബർ | SRG അധ്യാപകർ |
| | | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

# കലാപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- | --- |
| 1. കലാഭിരുചി വളർത്തുക. [കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ] | • സർഗ്ഗവേദി ഉപമേഖല – • പ്രകടന വേദികൾ, • ഓരോ ക്ലാസിലും ആഴ്ചയിൽ ഒരു ദിവസം സർഗ്ഗവേദി നടത്തൽ നേതൃത്വം വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും | ക്ലാസ് ടീച്ചർ |
| 2. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കൽ. | • ചിത്ര രചന, ക്രാഫ്റ്റ് വർക്ക്, പെയിന്റിങ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം | എല്ലാ മാസത്തിലും | ക്ലാസ് ടീച്ചർ |
| 3. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരം ഒരുക്കുക. | • പ്രകടന വേദികൾ, • സോഷ്യൽ മീഡിയ വഴി കുട്ടികളുടെ പ്രകടന മികവുകൾ സമൂഹവുമായി പങ്കുവെക്കൽ | ജൂൺ – മാർച്ച് | ക്ലാസ് ടീച്ചർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 - 26

# ആരോഗ്യ - കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- | --- |
| 1. മനസ്സിന്റെയും ശരീരത്തിന്റെയും ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏതു ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. | • സുംബ ഡാൻസ്<br>• ബാഡ്മിന്റൺ പരിശീലനം<br>• അത്‌ലറ്റിക് പരിശീലനം<br>• സ്കിപ്പിംഗ് പരിശീലനം | ജൂൺ – മാർച്ച് | എസ്.ആർ.ജി |
| 2. എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത വർദ്ധിപ്പിക്കാൻ | • കുങ്ഫു പരിശീലനം | സെപ്റ്റംബർ – മാർച്ച് | പി.ടി.എ |
| 3. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | • ശാരീരിക ചലനക്ഷമത വർദ്ധിപ്പിക്കാൻ വിവിധ തരത്തിലുള്ള കളികളിൽ ഏർപ്പെടൽ ഷട്ടിൽ ബാറ്റ്, സൈക്കിൾ ചവിട്ടൽ, സ്കിപ്പിംഗ് | ജൂൺ – മാർച്ച് | എസ്.ആർ.ജി |